**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3118** **25-10-2021 - ൽ മറുപടിയ്ക്ക്**

**മുണ്ടേരികടവ് പക്ഷിസങ്കേത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിലുള്ള മുണ്ടേരി കടവ് പക്ഷിസങ്കേത ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മുണ്ടേരി കടവ് ഇക്കോ ടൂറിസം പദ്ധതിയുടെ നിർവ്വഹണ ചുമതല തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയ്ക്ക് (ടി.ഇ.പി.എസ്)ആണ്. 2020 ജനുവരി മാസത്തിൽ 73,50,000/(എഴുപത്തിമൂന്നു ലക്ഷത്തി അൻപതിനായിരം രൂപ ) രൂപയ്ക്ക് വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ശിലാസ്ഥാപനം നടത്തുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ടി.ഇ.പി.എസ് സ്വീകരിച്ചു വരുന്നു. കെട്ടിടം കണ്ടെത്തി ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ മുണ്ടേരി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുമെന്ന് ഇതു സംബന്ധിച്ച 01.10.2021 തീയതിയിലെ യോഗത്തിൽ മുണ്ടേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, നിലനിന്നിരുന്ന പെരുമാറ്റച്ചട്ട നിയന്ത്രണങ്ങൾ, കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഫെസിലിറ്റേഷൻ സെൻററിന് ആവശ്യമായ കെട്ടിടം കണ്ടെത്തുന്നതിനായി പ്രദേശികമായി ഉണ്ടായ തടസ്സങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഈ പദ്ധതിയുടെ നിർവ്വഹണം സയമബന്ധതിമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടം മുണ്ടേരി ഗ്രാപഞ്ചായത്ത് ടി.ഇ.പി.എസ് ന് കൈമാറുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ